# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2254 — 08.07.2015-ൽ മറുപടിക്ക്

## വൈറ്റമിൻ എ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>,, പി. എ. മാധവൻ :<br>,, അൻവർ സാദത്ത് :<br>,, ആർ. സെൽവരാജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച "വൈറ്റമിൻ എ" യുടെ വിതരണം മറികടക്കാൻ സ്വീകരിച്ചിട്ടുള്ള അടിയന്തിര മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ബി) ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരം കേന്ദ്ര സർക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്ന പ്രസ്തുത മരുന്നിന്റെ വിതരണം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) അടിയന്തര ആവശ്യം നേരിടാൻ വൈറ്റമിൻ എ കെ.എം.എസ്.സി. മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

(എ) (ബി) & (സി) വിറ്റാമിൻ എ 100 മി.ലി.ന്റെ 60,000 എണ്ണം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങി നൽകുന്നതിനായി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കേരള സംസ്ഥാന മിഷൻ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. പ്രത്യുൽപാദനവും ശൈശവ ആരോഗ്യവും (RCH -Reproductive Child Health) എന്ന പദ്ധതിയുടെ സംസ്ഥാന തല പ്രോഗ്രാം മാനേജർ നൽകിയ സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിറ്റാമിൻ-എ സംഭരിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പർച്ചേസ് ഓർഡർ നൽകി, അവ വിവിധ ജില്ലാ മരുന്ന് സംഭരണശാലകളിലൂടെ ലഭിക്കുന്നതനുസരിച്ച് ആശുപത്രികൾക്ക് വിതരണം ചെയ്തും വരുന്നു. വിറ്റാമിൻ എ യുടെ വിതരണ ഓർഡർ നൽകിയതിന്റെയും അതനുസരിച്ച് ലഭ്യമായവ വിതരണം നടത്തിയതിന്റെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (15.06.2015 വരെ).

| ജില്ല | ഓർഡർ നൽകിയത് | ലഭ്യമായത്/ വിതരണം നടത്തിയത് |
|---|---|---|
| തിരുവനന്തപുരം | 6,270 | 5,670 |
| കൊല്ലം | 4,350 | 4,100 |
| പത്തനംതിട്ട | 3,180 | 3,180 |

(.....2)

| | | |
|---|---|---|
| ആലപ്പുഴ | 4,000 | 3,995 |
| കോട്ടയം | 3,000 | 2,965 |
| ഇടുക്കി | 3,780 | 3.580 |
| എറണാകുളം | 4,980 | 4,965 |
| തൃശ്ശൂർ | 5,000 | 4,962 |
| മലപ്പുറം | 6,000 | 5,600 |
| പാലക്കാട് | 5,000 | 4,999 |
| കോഴിക്കോട് | 4,980 | 4,980 |
| വയനാട് | 2,460 | 2,359 |
| കണ്ണൂർ | 4,000 | 4,000 |
| കാസർഗോഡ് | 3,000 | 2,700 |
| ആകെ | 60,000 | 58,055 |

മേൽപട്ടിക പ്രകാരം കോർപ്പറേഷനോട് ആവശ്യപ്പെട്ടതനുസരിച്ചുള്ള 'വിറ്റാമിൻ എ' യുടെ 97 ശതമാനത്തോളം വിതരണം നടത്തി കഴിഞ്ഞു.

സെക്ഷൻ ഓഫീസർ